

# ലഹരിയിൽ മുങ്ങുന്ന കേരളം

കവർസ്റ്റോറി ● റഹ്മാൻ മധുരക്കുഴി

**മദ്യലഹരിയിൽ** ആറാടാൻ മലയാളി ഇടിച്ചുതള്ളുന്നത് ഒരു വർഷം 12000 കോടി രൂപ! 3000 കോടി രൂപയുടെ വിദേശമദ്യം കേരളം ഒരു വർഷം കുടിച്ചുതീർക്കുന്നു! ലോകത്ത് ഏറ്റവും കൂടുതൽ മദ്യാസക്തിയുള്ള ജനത തിങ്ങിപ്പാർക്കുന്ന നാടാണ് കേരളം. പുരുഷന്മാരിൽ 60 ശതമാനവും മദ്യപാന തൽപരർ!

ബീവറേജ് കോർപറേഷൻ വഴി വിതരണം ചെയ്യുന്ന നാടൻ വിദേശ മദ്യത്തിന്റെയും നാടൻ കള്ള് വാറ്റിന്റെയും അനധികൃതമായി കടത്തുന്ന സ്പിരിറ്റിന്റെയും വ്യാജ നിർമിത വിദേശമദ്യത്തിന്റെയും സാക്ഷാൽ കള്ളിന്റെയും കൂടി കണക്കെടുത്താൽ 3000 കോടിയേക്കാൾ എത്രയോ ഇരട്ടിയാകും കേരളം അകത്താക്കുന്ന മദ്യം. ഓണം, ക്രിസ്മസ്, വിഷു, പുതുവത്സരദിനം തുടങ്ങിയ എല്ലാ വിശേഷ ദിവസങ്ങളിലും കേരളം കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ മൂല്യം കോടിക്കണക്കായി വർധിച്ചുകൊണ്ടിരിക്കുന്നു.

കൗമാര പ്രായക്കാരിൽ മദ്യ-മയക്കുമരുന്ന് ഉപയോഗം വൻതോതിൽ വർധിച്ചതായി കോഴിക്കോട് മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം നടത്തിയ പഠനം വ്യക്തമാക്കുന്നു. 10നും 15നും ഇടയിൽ പ്രായമുള്ളവരിൽ 10 ശതമാനം മദ്യ-മയക്കുമരുന്ന് ഉപയോഗിക്കുന്നു. കേരളത്തിൽ ചാരായ ഷാപ്പുകൾ ഇല്ലാതായെങ്കിലും എല്ലാ വീടുകളും ചാരായ ഷാപ്പുകളായി മാറിയ സ്ഥിതിയാണുള്ളതെന്നാണ് കല്ലുവാതുക്കൽ മദ്യദുരന്തം അന്വേഷിച്ച ജസ്റ്റിസ് വി.പി മോഹൻ കുമാർ പറഞ്ഞത്. 'നിത്യരോഗങ്ങളിലേക്കുള്ള വഴി' എന്ന തലക്കെട്ടിൽ *ദേശാഭിമാനി* വാരികയിൽ മദ്യപാനത്തിന്റെ കൊടിയ വിപത്തിനെക്കുറിച്ച് വന്ന ലേഖനത്തിന്റെ പ്രസക്ത ഭാഗം: "മദ്യത്തിനടിപ്പെട്ട് വ്യക്തികൾ വിവിധ രോഗങ്ങളുടെ പിടിയിലകപ്പെടുന്നു. കരൾ രോഗം മൂർഛിച്ച് രക്തംഛർദിച്ച് ആശുപത്രിയിലെത്തുന്നവർ അനവധിയാണ്. ആമാശയത്തെയും അന്നനാളത്തെയും ബാധിക്കുന്ന കാൻസറുകളും ഇവരിൽ കൂടുതലാണ്. അമിത രക്തസമ്മർദവും ഹൃദ്രോഗ സാധ്യതയും അമിത മദ്യപാനികളിൽ കടന്നുകൂടുന്നു. നാഡീവ്യൂഹങ്ങൾക്കും, ഓർമശക്തിയെ പരിപാലിക്കുന്ന തലച്ചോറിന്റെ ഭാഗങ്ങൾക്കും പോഷകമാവുന്ന വിറ്റാമിനുകളിലും മദ്യപാനം ദൗർലഭ്യം ഉളവാക്കുന്നു. തലച്ചോറിലെ കോശങ്ങളെ അമിത മദ്യപാനം നശിപ്പിക്കുന്നത് മൂലം പലതരത്തിലുള്ള മനോരോഗങ്ങളും മദ്യപാനി നേരിടേണ്ടിവരുന്നു. വിഷാദ രോഗവും ഇണയുടെ വിശ്വസ്തതയെ അകാരണമായി സംശയിക്കുന്ന തരത്തിലുള്ള രോഗാവസ്ഥകളും ലൈംഗിക ബലഹീനതകളുമൊക്കെ അമിത മദ്യപാനം മൂലമുണ്ടാകുന്നു" (2006 നവം: 19). മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന് പറയാനുള്ളതും മറ്റൊന്നല്ല. "കടക്കാരനാകുമെന്നതും ആരോഗ്യത്തിന് ഹാനികരമാകുമെന്നതും അറിഞ്ഞുകൊണ്ടു തന്നെയാണ് മദ്യ ഉപയോഗം. രാഷ്ട്രനിർമാണത്തിനുള്ള ഊർജമാണ് മദ്യത്തിലൂടെ നഷ്ടമാകുന്നത്. വർധിക്കുന്ന ആത്മഹത്യകൾക്ക് കാരണം സാമ്പത്തിക പ്രയാസം മാത്രമല്ല, ലഹരി ഉപയോഗവുമാണ്" (*മാധ്യമം* 12.2.2009).

ആത്മഹത്യയിൽ കേരളം ഒന്നാം സ്ഥാനത്ത്. കുടുംബ ശൈഥില്യമാണ് ആത്മഹത്യക്ക് മുഖ്യ കാരണമായി കണ്ടെത്തിയിരിക്കുന്നത്. ഇതിലെ മുഖ്യ വില്ലൻ മദ്യവും! മദ്യവാറ്റും ഷാപ്പും സുലഭമായതാണ് കേരളം മദ്യപാനത്തിൽ ഒന്നാമതാവാൻ കാരണം. കേരളത്തിലെ കുടുംബകോടതികളിൽ വന്ന 19 ശതമാനം വിവാഹമോചന കേസുകളും ഭർത്താവിന്റെ അമിത മദ്യാസക്തി മൂലമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. "വിവാഹ മോചനങ്ങൾക്കുള്ള പ്രഥമ കാരണം ഭർത്താവിന്റെ മദ്യാസക്തിയാണ്" എന്ന് തിരുവനന്തപുരം കുടുംബകോടതി ന്യായാധിപൻ ജസ്റ്റിസ് രാജേന്ദ്രൻ നായർ ചൂണ്ടിക്കാണിക്കുന്നു (*ഇന്ത്യാ ടുഡേ*, 2004 സെപ്റ്റംബർ 8).

മനുഷ്യനെ നിത്യരോഗത്തിലേക്കും കാൻസർ, ഹൃദ്രോഗം, മനോരോഗം തുടങ്ങിയ മാരകരോഗങ്ങളിലേക്കും തള്ളിവിടുന്ന, ആത്മഹത്യകൾക്കും കുടുംബ ശൈഥില്യങ്ങൾക്കും വഴിമരുന്നിടുന്ന മദ്യാപനമെന്ന മഹാ വിപത്തിൽനിന്നും പൗരസ

ഞ്ചയത്തെ മോചിപ്പിക്കാൻ ബാധ്യതപ്പെട്ട ഭരണകൂടങ്ങൾ, ഇട തായാലും വലതായാലും എതിർ ദിശയിലൂടെ സഞ്ചരിക്കുന്ന ദുരന്തമാണ് നാം കാണുന്നത്. മദ്യനിരോധം ജീവിത വ്രതമാക്കിയ രാഷ്ട്രപിതാവിന്റെ നാട്ടിൽ രണ്ടേ രണ്ട് സംസ്ഥാനങ്ങളിൽ മാത്രമേ മദ്യനിരോധം പ്രാബല്യത്തിലുള്ളൂവെന്ന സത്യം ഞെട്ടലോടെ മാത്രമേ കാണാനാവൂ.

മദ്യദുരന്തത്തിന്റെ രൂക്ഷതകണക്കിലെടുത്ത് സുപ്രീം കോടതി 2006 ഏപ്രിൽ 2ന് എല്ലാ സംസ്ഥാന സർക്കാറുകളോടും ഭരണഘടനയുടെ 47-ാം വകുപ്പനുസരിച്ച് മദ്യനിരോധം നടപ്പാക്കാൻ മുന്നോട്ടുവരണമെന്ന് കർശനമായി ആവശ്യപ്പെടുകയുണ്ടായി. ഉദയഭാനു കമീഷന്റെ അടിസ്ഥാനത്തിൽ, കള്ള്വ്യവസായത്തിനെതിരെ ഗുണകരമായ നടപടികൾ സ്വീകരിക്കും എന്ന് പ്രകടനപത്രികയിൽ വ്യക്തമാക്കിയ ഇടത് സർക്കാർ, പുതുതായി ബിയർ-വൈൻ പാർലറുകൾ അനുവദിച്ചു. 1610 പുതിയ ഷാപ്പുകൾ തുറന്ന് കൂടുതൽ കൂടുതൽ ആളുകളെ മദ്യപരാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

കേരളത്തിലേക്കുള്ള സ്പിരിറ്റ് കള്ളക്കടത്തും വ്യാജ മദ്യ വിതരണവും കർശനമായി തടയുമെന്ന് എക്സൈസ് വകുപ്പ് മന്ത്രി ഗുരുദാസൻ വീരവാദം മുഴക്കിയിരുന്നു. എന്നാൽ, വ്യാജ മദ്യവും സ്പിരിറ്റും പെട്ടിക്കടകളിൽ പോലും സുലഭമാണിന്ന്. കരമാർഗം മാത്രമല്ല, ബോട്ടുകൾ, സ്പീഡ് ലോഞ്ചുകൾ എന്നിവയിലൂടെ ജലമാർഗമായി പുറത്തുനിന്നും വ്യാജമദ്യം ഒഴുകിയെത്തുകയാണ്. ആന്ധ്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് സ്പിരിറ്റ് ഒഴുകുന്നു. ഫാക്ടറികളിൽനിന്ന് തുഛമായ വിലയ്ക്ക് വാങ്ങുന്ന സ്പിരിറ്റ് ഇവിടെയെത്തിച്ച് കൂടിയ വിലയ്ക്ക് വിൽക്കുന്നു. 30 രൂപക്ക് വാങ്ങുന്ന ഒരു ലിറ്റർ സ്പിരിറ്റ് ചാരായമാക്കി മാറ്റുമ്പോൾ 3000 രൂപ വരെയായി വില ഉയരുമത്രെ. ഒരു ലോഡ് സ്പിരിറ്റ് അതിർത്തി കടന്നെത്തിയാൽ മാഫിയകളുടെ കൈയിലെത്തുന്നത് ലക്ഷങ്ങളാണ്. മാരക ഫലങ്ങളുണ്ടാക്കുന്ന സ്പിരിറ്റ് വേട്ട ഒരു പ്രഹസനമായി മാറുന്നതാണ് അനുഭവം. ഇക്കാര്യം *ദേശാഭിമാനി* എഴുതിയതിങ്ങനെ: “ഒറ്റുകൊടുക്കുകയോ വാഹനങ്ങൾ അപകടത്തിൽ പെടുകയോ ചെയ്യുമ്പോഴാണ് മിക്കപ്പോഴും സ്പിരിറ്റ് പിടികൂടൽ നടക്കുന്നത്. സ്പിരിറ്റ് കടത്തുസംഘം അറിഞ്ഞുകൊണ്ടും സ്പിരിറ്റ് വേട്ട നടക്കാറുണ്ട്. 10 ലോഡ് കടന്നുപോകുമ്പോൾ ഔദാര്യം പോലെ ഒരു വണ്ടി പിടി കൊടുക്കും. വണ്ടിയിലുണ്ടായിരുന്നവർ ഓടി രക്ഷപ്പെട്ടുവെന്ന വിശദീകരണത്തോടെ അധ്യായത്തിന് തിരശ്ശീല വീഴും. അണിയറയിലെ കരങ്ങൾ സുരക്ഷിതമാകും” (‘സർവശക്തമായ മാഫിയ’, 2006 നവംബർ 19).

നമ്മുടെ അമ്മമാരും ഭാര്യമാരും പുത്രിമാരും സഹോദരിമാരുമായ സ്ത്രീജനങ്ങൾ ഇന്ന് ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നത് മദ്യപന്മാരായ ഭർത്താക്കന്മാരിലൂടെയാണെന്ന് ആർക്കാണറിയാത്തത്. അവരുടെ മനോരോഗങ്ങളിലെയും കുടുംബശൈഥില്യങ്ങളിലെയും മുഖ്യവില്ലൻ ലഹരി തന്നെ. പ്രതിദിനം 40 കോടിയിലധികം വരുന്ന വരുമാനം, സ്ത്രീകളെ കൊടിയ പീഡനത്തിന് ഇരകളാക്കി കിട്ടുന്നതാണെങ്കിലും, മദ്യനിരോധത്തിലൂടെ അത് തട്ടിത്തെറിപ്പിക്കാൻ മാത്രം ‘ആദർശ ഭ്രാന്തും’ സൈദ്ധാന്തിക ശാഠ്യവും ഉള്ളവരല്ലല്ലോ നമ്മുടെ ജനസേവകരായ ഇടത്-വലത് പ്രസ്ഥാനങ്ങൾ. ലഹരി നിർമാർജനത്തിലൂടെ മദ്യപന്മാരായ ഭർത്താക്കന്മാരിൽനിന്ന് മോചിപ്പിക്കപ്പെടാതെ വനിതാ വിമോചനം എന്ന പുരോഗമന സ്വപ്നം പൂവണിയാൻ പോവുന്നില്ലെന്ന നഗ്ന യാഥാർഥ്യം, റവന്യൂ വരുമാനത്തിൽ കണ്ണ് മഞ്ഞളിച്ചും മദ്യ മാഫിയ- അബ്കാരി മർദക സംഘത്തിന് മുന്നിൽ കാല് വിറച്ചും നിൽക്കുന്ന വ്യക്തികളും പാർട്ടികളും തിരിച്ചറിയുമെന്ന മോഹം വെറുതെയാണ്. ■